# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 02.11.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 5523

### കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ് | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ)സംസ്ഥാനത്തെ കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ; | എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം ( 50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br><br>7. ഉത്പ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.<br><br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>11. കയർജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു. |

| | |
|---|---|
| | കൂടാതെ 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചതുപോലെ കയർ മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സർക്കാർ സംരക്ഷിച്ചുകൊണ്ട് സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉല്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത ക്രയവിലയ്ക്ക് സംഭരിക്കും.റിബേറ്റ് നല്കി ഉൽപന്നങ്ങൾ വിറ്റഴിക്കും. ആയതിന് സ.ഉ(സ) 806/2016/വ്യവ തീയതി 27.8.16, സ.ഉ(സ) 896/2016/ഐഡി തീയതി 8.9.16 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. **ഈ ഓണക്കാലത്ത് റിബേറ്റ് നടപ്പാ**ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ക്രയവില സ്ഥിരതാ ഫണ്ടിന് നിലവിലുള്ള ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 17 കോടി രൂപയിൽ നിന്നും 100 കോടി ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുകയും 27 കോടി രൂപ ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. കയർഫെഡിന് 10 കോടി 38 ലക്ഷം രൂപയും കയർ കോർപ്പറേഷന് 16 കോടി 62 ലക്ഷം രൂപയും വിവിധ ഇനങ്ങളിലായി നൽകിയിട്ടുണ്ട്. |
| ബി) പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചു കൊണ്ടുതന്നെ, ഈ മേഖലയിൽ ആധുനികവത്ക്കരണം നടത്തുന്നതിനും കൂടുതൽ വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ? | ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ കൂലിയേയോ ബാധിക്കാത്ത വിധം മാത്രം യന്ത്രവൽക്കരണം നടത്തി വ്യവസായത്തെ ആധുനികവൽക്കരിക്കും. സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ, കയർഫെഡും, കയർ ഉല്പന്നങ്ങൾ, കയർ കോർപ്പറേഷനും വഴി സംഭരിച്ച് വിപണി വിപുലീകരിക്കും. |

സെക്ഷൻ ഓഫീസർ